# കേരള പബ്ലിക് സർവീസ് കമ്മീഷൻ
## ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

1 അഡ്മിഷൻ ടിക്കറ്റ്, ഐഡൻറിറ്റി എന്നിവയുടെ പരിശോധനയ്ക്കായി പരീക്ഷ തുടങ്ങുന്നതിന് അര മണിക്കൂർ മുൻപ് ഉദ്യോഗാർത്ഥി പരീക്ഷാകേന്ദ്രത്തിൽ അനുവദിച്ചിട്ടുള്ള ഇരിപ്പിടത്തിൽ ഹാജരാകേണ്ടതാണ്.

2 ഒരു ഉദ്യോഗാർത്ഥിയേയും പരീക്ഷ തുടങ്ങിക്കഴിഞ്ഞാൽ പരീക്ഷാഹാളിൽ കടക്കുന്നതിന് അനുവദിക്കുന്നതല്ല. ഒരു ഉദ്യോഗാർത്ഥിയേയും പരീക്ഷ തീരുന്നതുവരെ പരീക്ഷാഹാളിൽ നിന്നും പുറത്തുപോകുവാനും അനുവദിക്കുന്നതല്ല.

3 അഡ്മിഷൻ ടിക്കറ്റ്, ഐഡൻറിഫിക്കേഷൻ സർട്ടിഫിക്കറ്റ്, തിരിച്ചറിയൽ രേഖയും പകർപ്പും, നീല/കറുപ്പ് മഷിയുള്ള ബാൾ പോയിൻറ് പേന, റൈറ്റിംഗ് ബോർഡ് എന്നിവ മാത്രമേ പരീക്ഷാഹാളിൽ കൊണ്ടുവരാവൂ. **കാൽക്കുലേറ്റർ, മൊബൈൽ ഫോൺ, ഡിജിറ്റൽ ഡയറി തുടങ്ങി യാതൊരു വിധ ഇലക്ട്രോണിക്/വാർത്താ വിനിമയ ഉപകരണങ്ങളും പരീക്ഷാകേന്ദ്രത്തിൽ കൊണ്ടുവരാൻ പാടില്ല.**

4 ഉദ്യോഗാർത്ഥിയുടെ ഫോട്ടോ പതിച്ച ഒരു തിരിച്ചറിയൽ രേഖയും അതിൻെറ സ്വയം സാക്ഷ്യപ്പെടുത്തിയ ശരിപകർപ്പും ഹാജരാക്കേണ്ടതാണ്. താഴെപ്പറയുന്ന 7 രേഖകൾ മാത്രമേ തിരിച്ചറിയൽ രേഖയായി സ്വീകരിക്കുകയുള്ളൂ. തെരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയ വോട്ടർ ഐഡൻറിറ്റി കാർഡ്, ഡ്രൈവിംഗ് ലൈസൻസ്, പാസ്പോർട്ട്, സാമൂഹ്യക്ഷേമ വകുപ്പ് വികലാംഗർക്ക് നൽകുന്ന തിരിച്ചറിയൽ കാർഡ്, ദേശസാൽകൃത ബാങ്ക് നൽകുന്ന ഫോട്ടോ പതിച്ച പാസ്സ് ബുക്ക് , പാൻ കാർഡ്, സർക്കാർ ഉദ്യോഗസ്ഥർക്ക് ബന്ധപ്പെട്ട വകുപ്പ്/സ്ഥാപനം നൽകുന്ന തിരിച്ചറിയൽ കാർഡ്. തിരിച്ചറിയൽ രേഖയുടെ പകർപ്പിന്മേൽ ഉദ്യോഗാർത്ഥിയുടെ രജിസ്റ്റർനമ്പർ രേഖപ്പെടുത്തേണ്ടതാണ്. **തിരിച്ചറിയൽ രേഖയും പകർപ്പും ഹാജരാക്കാത്ത ഉദ്യോഗാർത്ഥികളെ പരീക്ഷ എഴുതുവാൻ അനുവദിക്കുന്നതല്ല**

5 ഉദ്യോഗാർത്ഥിയുടെ പേര്, വിലാസം, രജിസ്റ്റർ നമ്പർ മുതലായ വിവരങ്ങൾ ഐഡൻറിഫിക്കേഷൻ സർട്ടിഫിക്കറ്റിൽ നിശ്ചിത സ്ഥലത്ത് എഴുതേണ്ടതാണ്. ഉദ്യോഗാർത്ഥിയുടെ ഫോട്ടോഗ്രാഫ് സ്കാൻ ചെയ്ത് അപേക്ഷയോടൊപ്പം അപ്ലോഡ് ചെയ്തിട്ടുള്ളതിനാൽ, അഡ്മിഷൻ ടിക്കറ്റിനൊപ്പം ഡൗൺലോഡ് ചെയ്ത് ലഭിക്കുന്ന ഐഡൻറിഫിക്കേഷൻ സർട്ടിഫിക്കറ്റിന്മേൽ പ്രസ്തുത ഫോട്ടോഗ്രാഫിൻെറ സ്കാൻ ചെയ്ത ചിത്രം ഉണ്ടായിരിക്കും. **അതിനാൽ ഐഡൻറിഫിക്കേഷൻ സർട്ടിഫിക്കറ്റിന്മേൽ വീണ്ടും ഫോട്ടോഗ്രാഫ് പതിക്കരുത്.** (ഐഡൻറിഫിക്കേഷൻ സർട്ടിഫിക്കറ്റിന്മേലുള്ള സ്കാൻ ചെയ്ത ചിത്രത്തിൻമേൽ ഒപ്പ് രേഖപ്പെടുത്തുവാൻ പാടില്ല.) **ഐഡൻറിഫിക്കേഷൻ സർട്ടിഫിക്കറ്റിന്മേലുള്ള ഫോട്ടോഗ്രാഫിൻെറ സ്കാൻ ചെയ്ത ചിത്രത്തിന്മേൽ വീണ്ടും ഫോട്ടോഗ്രാഫ് പതിപ്പിച്ച് ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളെ പരീക്ഷ എഴുതുവാൻ അനുവദിക്കുന്നതല്ല.**

6 ഐഡൻറിഫിക്കേഷൻ സർട്ടിഫിക്കറ്റിൽ സാക്ഷ്യപത്രത്തിനു താഴെ ഉദ്യോഗാർത്ഥി അസിസ്റ്റൻറ് സൂപ്രണ്ടിൻെറ സാന്നിദ്ധ്യത്തിൽ ഒപ്പ് രേഖപ്പെടുത്തേണ്ടതാണ് കൂടാതെ പരീക്ഷാഹാളിൽ നൽകുന്ന അഡ്രസ്സ് ലിസ്റ്റിൽ തൻെറ പേരിനു നേരെയും ഉദ്യോഗാർത്ഥി ഒപ്പ് രേഖപ്പെടുത്തേണ്ടതാണ്.

7 പരീക്ഷാ ജോലിയുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് അപമര്യാദയായി പെരുമാറുകയോ, പരീക്ഷയിൽ അനാശാസ്യ മാർഗ്ഗങ്ങൾ അവലംബിക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ പരീക്ഷാ ഹാളിൽ നിന്നും പുറത്താക്കുന്നതാണ്

**മുകളിൽ പറഞ്ഞിരിക്കുന്ന നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നവരുടെ ഉത്തരക്കടലാസുകൾ അസാധുവാക്കുന്നതും അവർക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിക്കുന്നതുമാണ്.**

8 അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തിയിട്ടില്ലാത്തതിനാൽ അപേക്ഷകരെയെല്ലാം പരീക്ഷ എഴുതുവാൻ സോപാധികമായി അനുവദിച്ചിരിക്കുകയാണ്. വിശദമായ പരിശോധനയിൽ ന്യൂനതകൾ കാണുന്ന പക്ഷം അത്തരം അപേക്ഷകൾ നിരസിക്കുന്നതാണ്.

9 യാതൊരു കാരണവശാലും പരീക്ഷാകേന്ദ്രത്തിന് മാറ്റം അനുവദിക്കുന്നതല്ല

10 യാത്രാപ്പടിക്ക് അർഹതയുള്ളവർ അന്നുതന്നെ ചീഫ് സൂപ്രണ്ടിൻെറ പക്കൽ നിന്നും അറ്റൻഡൻസ് സർട്ടിഫിക്കറ്റ് വാങ്ങേണ്ടതാണ്.

| | |
|---|---|
| | **ഏതെങ്കിലും കാരണവശാൽ പരീക്ഷ മാറ്റിവയ്ക്കുന്ന പക്ഷം അക്കാര്യവും പുതുക്കിയ പരീക്ഷാ തീയതിയും യഥാസമയം വിവിധ പത്ര, ദൃശ്യ മാധ്യമങ്ങൾ മുഖേനയും കമ്മീഷൻെറ വെബ്സൈറ്റായ** www.keralapsc.org**-ലൂടെയും അറിയിക്കുന്നതാണ്. വ്യക്തിഗത അറിയിപ്പ് നൽകുന്നതല്ല. പുതുക്കിയ പരീക്ഷാതീയതിയിൽ ഉദ്യോഗാർത്ഥികൾ ഇതേ അഡ്മിഷൻ ടിക്കറ്റ് തന്നെ ഹാജരാക്കണം.** |

## ഒബ്ജക്ടീവ് (ഒ.എം.ആർ) പരീക്ഷ സംബന്ധിച്ച് ഉദ്യോഗാർത്ഥികൾക്കുള്ള പ്രത്യേക നിർദ്ദേശങ്ങൾ

1 ഒപ്റ്റിക്കൽ മാർക്ക് റീഡർ ഉപയോഗിച്ച് മൂല്യനിർണ്ണയം ചെയ്യാവുന്നതും പാർട്ട് എ യിലും പാർട്ട് ബി യിലും A,B,C,D എന്നീ ആൽഫാകോഡുകളിലൊന്നു പ്രിൻറ് ചെയ്തതും , പാർട്ട് ബി യിൽ ബന്ധപ്പെട്ട കുമിള കറുപ്പിച്ചതുമായ പരിഷ്ക്കരിച്ച ഒ.എം.ആർ ഉത്തരക്കടലാസുകളാണ് ഈ പരീക്ഷയ്ക്ക് നൽകുന്നത്.

2 താങ്കളുടെ ഇരിപ്പിടത്തിന് സമീപം രജിസ്റ്റർ നമ്പരിനൊപ്പം താങ്കൾക്ക് അനുവദിച്ച ആൽഫാകോഡ് രേഖപ്പെടുത്തിയിരിക്കും. <u>അതേ ആൽഫാകോഡുള്ള ചോദ്യ പുസ്തകവും ഒ.എം.ആർ ഉത്തരക്കടലാസും തന്നെയാണ് ലഭിച്ചതെന്ന് ഉറപ്പുവരുത്തേണ്ടതാണ്</u>

3 ഉത്തരക്കടലാസോ, ചോദ്യപുസ്തകമോ ഏതെങ്കിലും തരത്തിലുള്ള നിർമ്മാണ/അച്ചടി വൈകല്യം ഉള്ളതാണെങ്കിൽ മാത്രം പുതിയ ഒ.എം.ആർ ഷീറ്റ് /ചോദ്യപുസ്തകം നൽകുന്നതാണ്.

4 ഉത്തരക്കടലാസ് ദ്വാരങ്ങൾ വീഴ്ത്താതെ, നനയാതെ, വൃത്തിഹീനമാകാതെ സൂക്ഷിക്കുക

5 ഒ.എം.ആർ ഷീറ്റിലുള്ള നിർദ്ദേശങ്ങൾ വായിക്കുക. ഉത്തരക്കടലാസിൻെറ മദ്ധ്യഭാഗത്തായുള്ള ബാർകോഡിൽ അടയാളങ്ങൾ വീഴ്ത്തരുത്. മറിച്ചായാൽ ഉത്തരക്കടലാസ് അസാധുവാകും.

6 ഒ.എം.ആർ ഉത്തരക്കടലാസിൻെറ പാർട്ട് എ രജിസ്റ്റർ നമ്പർ, ജനനത്തീയതി, തസ്തികയുടെ പേര്, പരീക്ഷാ തീയതി എന്നിവയും പാർട്ട്-ബി ഉത്തരങ്ങൾ രേഖപ്പെടുത്തുന്നതിനുമുള്ളതാണ്.

7 താങ്കളുടെ രജിസ്റ്റർ നമ്പർ, ജനനത്തീയതി എന്നിവ ബന്ധപ്പെട്ട ചതുരക്കളത്തിൽ എഴുതുകയും ബന്ധപ്പെട്ട കുമിളകൾ പൂർണ്ണമായി കറുപ്പിക്കുകയും ചെയ്യുക. ഒന്നിലധികം തസ്തികകൾക്കുള്ള പൊതുപരീക്ഷയ്ക്ക് ലഭിക്കുന്ന ഉത്തരക്കടലാസിൻെറ വെവ്വേറെ കൊടുത്തിട്ടുള്ള രജിസ്റ്റർ നമ്പർ കോളങ്ങളിൽ ഓരോ തസ്തികയ്ക്കും ഉള്ള താങ്കളുടെ രജിസ്റ്റർ നമ്പറുകൾ എഴുതുകയും കുമിളകൾ കറുപ്പിക്കുകയും ചെയ്യുക. രജിസ്റ്റർ നമ്പറിനു മുൻപ് നൽകിയിട്ടുള്ള ഇംഗ്ലീഷ് അക്ഷരം പ്രത്യേക ചതുരക്കളത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

8 രജിസ്റ്റർ നമ്പർ അടയാളപ്പെടുത്തുന്നതിൽ തെറ്റു വരുത്തിയാൽ ഉത്തരക്കടലാസ് അസാധുവാക്കും. **<u>ഒ.എം.ആർ ഷീറ്റ് മാറ്റി നൽകുന്നതല്ല.</u>**

9 പാർട്ട് ബി യിൽ ഓരോ ചോദ്യത്തിൻേറയും ഉത്തരത്തിനുള്ള കുമിള മാത്രം പൂർണ്ണമായി കറുപ്പിക്കുക.
ഉദാ: ഉത്തരം C എങ്കിൽ (A) (B) ⬤ (D)
ഉത്തരക്കടലാസിൽ മറ്റു രേഖപ്പെടുത്തലുകൾ പാടില്ല

10 ഓരോ ശരി ഉത്തരത്തിനും ഒരു മാർക്ക് വീതം ലഭിക്കും, ഓരോ തെറ്റിനും 1/3 മാർക്ക് വീതം കുറവു ചെയ്യും. (നെഗറ്റീവ് മാർക്ക്)

11 ഒന്നിൽ കൂടുതൽ ഉത്തരങ്ങൾ അടയാളപ്പെടുത്തുന്നതും ഒരിക്കൽ അടയാളപ്പെടുത്തിയ ഉത്തരങ്ങൾ തിരുത്തുന്നതും നെഗറ്റീവ് മാർക്ക് ലഭിക്കുന്നതിന് ഇടയാക്കും.

12 ഉത്തരം കണ്ടുപിടിക്കുന്നതിനായി കണക്കുകൂട്ടലുകളോ കുറിപ്പുകളോ എഴുതണമെങ്കിൽ ചോദ്യപുസ്തകത്തിൻെറ അവസാനമുള്ള വെള്ളക്കടലാസ് ഉപയോഗിക്കുക.

13 പരീക്ഷ എഴുതുന്നതിനുള്ള സമയം കഴിയുമ്പോൾ മാത്രം ഉത്തരക്കടലാസ് പാർട്ട് എ യും പാർട്ട് ബി യുമായി 'ഇവിടെ മുറിക്കുക' എന്നു രേഖപ്പെടുത്തിയിട്ടുള്ളതിനു സമീപം കുത്തുകളിട്ട വരയിലൂടെ (ബാർകോഡിനു മദ്ധ്യഭാഗത്തായി) കീറി രണ്ടു ഭാഗങ്ങളും അസിസ്റ്റൻറ് സൂപ്രണ്ടിനെ ഏൽപ്പിക്കുക. പരീക്ഷ കഴിയുന്നതിനു മുൻപായി യാതൊരു കാരണവശാലും എ, ബി പാർട്ടുകൾ മുറിച്ചു വേർപെടുത്തുവാൻ പാടില്ല.
ഈ നിർദ്ദേശത്തിന് വിരുദ്ധമായി പ്രവർത്തിക്കുന്നവരുടെ ഉത്തരക്കടലാസ് അസാധുവാക്കുന്നതാണ്

14 മുകളിൽ 7-ാം നിർദ്ദേശം പാലിച്ചുകൊണ്ടുള്ള ഒ.എം.ആർ ഷീറ്റിൻെറ മാതൃക ചുവടെ ചേർത്തിരിക്കുന്നു

